# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3573 | 19/02/2013 ൽ മറുപടിക്ക്

**ഐ.പി.എസ് പ്രമോഷൻ ലിസ്റ്റിലെ അപാകതകൾ പരിഹരിക്കുന്നതിനുള്ള നടപടി**

ചോദ്യം: ശ്രീ.പി.സി.ജോർജ് | ഉത്തരം : ശ്രീ ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി)

| | | | |
|---|---|---|---|
| (എ) | സംസ്ഥാന സർക്കാരിന്റെ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തവരും ക്രിമിനൽ കേസിൽ കോടതി നടപടികൾ നേരിടുന്നവരുമായ എത്ര പോലീസ് ഉദ്യോഗസ്ഥർ യു.പി.എസ്.സിയുടെ 21.12.12 ലെ കേരള കേഡർ ഐ.പി.എസ് പ്രമോഷനിലുള്ള താല്ക്കാലിക ലിസ്റ്റിൽ ഉൾപ്പെട്ടു; വിശദാംശങ്ങൾ നൽകുമോ; | (എ) | 21/12/2012-ൽ നടന്ന ഐ.പി.എസ് സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് വഴി സംസ്ഥാന പോലീസ് സർവീസിൽനിന്നും ഐ.പി.എസ്സിലേക്ക് തെരഞ്ഞെടുക്കപ്പെട്ടവരുടെ സെലക്ട് ലിസ്റ്റ് യു.പി.എസ്.സി അന്തിമമായി അംഗീകരിക്കുകയോ കേന്ദ്ര ആഭ്യന്തര മന്ത്രാലയം പ്രസിദ്ധീകരിക്കുകയോ ചെയ്തിട്ടില്ല. |
| (ബി) | യോഗ്യരായ പോലീസ് ഉദ്യോഗസ്ഥരെ മറികടന്ന് ഇപ്രകാരം കേസുകളിൽ ഉൾപ്പെട്ടവരും സംസ്ഥാന സർക്കാർ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകാത്തവരുമായ പോലീസ് ഉദ്യോഗസ്ഥർ പ്രസ്തുത ലിസ്റ്റിൽ എപ്രകാരം ഉൾപ്പെട്ടുവന്ന് അടിയന്തിരമായി അന്വേഷിക്കുമോ; | (ബി) | ബാധകമല്ല |
| (സി) | പ്രസിഡന്റിന്റെ പോലീസ് മെഡൽ ഉൾപ്പെടെ നല്ല സർവ്വീസ് റെക്കോർഡ് ഉള്ളവരും മേൽ പ്രമോഷൻ ലിസ്റ്റിൽ ഉൾപ്പെട്ട പോലീസ് ഉദ്യോഗസ്ഥരെക്കാൾ യോഗ്യരുമായ ഉദ്യോഗസ്ഥരെ ഒഴിവാക്കിയാണ് പ്രസ്തുത ഐ.പി.എസ് പ്രമോഷൻ ലിസ്റ്റ് തയ്യാറാക്കിയതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (സി) | ബാധകമല്ല |
| (ഡി) | പ്രസ്തുത സെലക്ഷൻ ലിസ്റ്റ് അംഗീകരിക്കുന്നതിന് കേരളത്തിന്റെ പ്രതിനിധികളും കേന്ദ്ര ആഭ്യന്തര വകുപ്പ് പ്രതിനിധികളും യു.പി.എസ്.സി ഉദ്യോഗസ്ഥരും അടങ്ങുന്ന ബോർഡ് 2010, 2011 വർഷങ്ങളിലെ 47 ഫയലുകളും അഞ്ചു വർഷത്തെ എ.സി.ആറും പരിശോധിച്ച് ഗ്രേഡിംഗ് നടത്തിയത് കേവലം ഒന്നര മണിക്കൂർ കൊണ്ടായിരുന്നു എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ഡി) | യു.പി.എസ്.സി നടത്തിയ സെലക്ഷൻ കമ്മിറ്റി മീറ്റിംഗ് തികച്ചും രഹസ്യ സ്വഭാവമുള്ളത് ആയതിനാൽ ഇതിന്റെ വിശദാംശങ്ങൾ സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപെ ട്ടിട്ടില്ല. |
| (ഇ) | ഡി.വൈ.എസ്.പി ആയി എട്ടു വർഷം സർവ്വീസ് ഇല്ലാത്തതും സീനിയോറിറ്റി ലിസ്റ്റിൽ ഏറെ പിറകിലുമായിരുന്ന ഉദ്യോഗസ്ഥനും സുപ്രീംകോടതിയുടെ ഉൾപ്പെടെയുള്ള റൂളിംഗിന് വിരുദ്ധമായി വയസ്സ് തിരുത്തിയ ഉദ്യോഗസ്ഥനും പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ഇ) | (എ) പിരിവിന് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല |

| | | | |
|---|---|---|---|
| (എഫ്) | പ്രസ്തുത ബോർഡ്, യോഗം ചേർന്ന 21.12.12 രാവിലെ ഒരു കേരള കേഡർ ഐ.എ.എസ് പോസ്റ്റിനുവേണ്ടി ചെലവഴിച്ച സമയം മൂന്നു മണിക്കൂർ ആയിരുന്നുവെന്നു പറയപ്പെടുന്നതു കണക്കിലെടുത്താൽ ഐ.പി.എസ് പ്രമോഷനുവേണ്ടിയുള്ള ഗ്രേഡിംഗ് നടത്തിയത് വേണ്ടത്ര പരിശോധന കൂടാതെ ആയിരുന്നില്ലേ; എങ്കിൽ ക്രമവിരുദ്ധമായി തയ്യാറാക്കിയ പ്രസ്തുത ലിസ്റ്റ് ക്യാൻസൽ ചെയ്യുന്നതിന് ഫലപ്രദമായ എന്തു നടപടി സ്വീകരിച്ചു; വിശദാംശങ്ങൾ നൽകുമോ; | (എഫ്) | ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടില്ല. |
| (ജി) | ക്രിമിനൽ കേസ്സുകളിൽ കോടതി നടപടികൾ നേരിടുന്നവരും സംസ്ഥാന സർക്കാരിന്റെ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് ലഭിക്കാത്തവരുമായ പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി യു.പി.എസ്.സി തയ്യാറാക്കിയതും പ്രസ്തുത ബോർഡ് യോഗത്തിൽ പങ്കെടുത്ത കേരളത്തിന്റെ പ്രതിനിധികൾ ഒപ്പുവച്ചതുമായ പ്രസ്തുത ഐ.പി.എസ് പ്രമോഷൻ ലിസ്റ്റ് ക്യാൻസൽ ചെയ്ത് പകരം നല്ല സർവീസ് റെക്കോർഡുള്ള സീനിയോറിറ്റിയുള്ള പോലീസ് ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി പുതിയ ലിസ്റ്റ് തയ്യാറാക്കുന്നതിന് കേന്ദ്ര ഗവൺമെന്റിലും യു.പി.എസ്.സി ചെയർമാനേയും നേരിട്ട് ബന്ധപ്പെടാൻ അടിയന്തിര നടപടി സ്വീകരിക്കുമോ; | (ജി) | ലിസ്റ്റ് ഇനിയും പ്രസിദ്ധീകരിച്ചിട്ടില്ല. |
| (എച്ച്) | ഐ.പി.എസ്.പ്രമോഷൻ ലിസ്റ്റും മറ്റും തയ്യാറാക്കുമ്പോൾ ഇപ്രകാരം അനർഹർ കടന്നുകൂടുന്നതുപോലെയുള്ള ക്രമവിരുദ്ധ നടപടികൾ ഭാവിയിൽ ഒഴിവാക്കുന്നതിന് ഫലപ്രദമായ എന്തു നടപടി സ്വീകരിക്കുമെന്ന് അറിയിക്കുമോ? | (എച്ച്) | സുതാര്യമായ നടപടിക്രമങ്ങളിലൂടെ നിലവിലുള്ള നിയമങ്ങൾക്കനുസൃതമായാണ് ഐ.പി.എസ് പ്രമോഷൻ ലിസ്റ്റും മറ്റും തയ്യാറാക്കുന്നത്. |

സെക്ഷൻ ഓഫീസർ